വീണ്ടും ഒരു സമരത്തിൽ ഏർപ്പെടുകയാണുണ്ടായത്. കാൻറീൻ പ്രശ്നത്തിൽ ആർബിട്രേഷൻ അവാർഡ് നടപ്പിലാക്കുക, കമ്പനിത്തൊഴിലാളികളെ സ്ഥിരപ്പെടുത്തുക, മിനിമം കൂലി നടപ്പിലാക്കുക, കാറ്റഗറി ക്രമക്കേടുകൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തൊഴിലാളികൾ ഒരു മെമ്മോറാണ്ടം കൊടുക്കുകയുണ്ടായി. ആ ഫാക്ടറിയിലെ ട്രേഡ്യൂണിയനുകൾ സംയുക്തമായി ഒപ്പിട്ട ഒരു മെമ്മോറാണ്ടമായിരുന്നു കൊടുത്തിരുന്നത്. ഇതിനെ സംബന്ധിച്ച് പരിശോധിക്കുകയും ചർച്ചചെയ്യുകയും ചെയ്യാതെ മാനേജ്മെൻറ് നാലു തൊഴിലാളികളെ അന്യായമായി സസ്പെൻറ്ചെയ്തതിൻെറ ഫലമായിട്ടാണ് അവിടെ 25-ാം തീയതി മുതൽ പണിമുടക്കുണ്ടായത്. പണിമുടക്ക് ഒത്തുതീർപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാതെ മാനേജ്മെൻറ് ഒഴിഞ്ഞുമാറുകയാണ്. മാനേജുമെൻറിൻെറ മർക്കടമുഷ്ടി അവസാനിപ്പിക്കുന്നതിനുവേണ്ടി ഗവൺമെൻറ് സത്വരമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ തന്ന നോട്ടീസിൽ പറഞ്ഞിരിക്കുന്നത്, വെസ്റേറൺ ഇൻഡ്യാ പ്ലൈവുഡ് ഫാക്ടറിയിലെ ഏതാനും തൊഴിലാളികളെ മാനേജ്മെൻറ് അന്യായമായി സസ്പെൻറ് ചെയ്തതിൻെറ ഫലമായി കഴിഞ്ഞ രണ്ടാഴ്ചയായി അവിടത്തെ മുഴുവൻ തൊഴിലാളികളും സമരം നടത്തുന്നുവെന്നാണ്. സത്യവുമാണ്. ഇപ്പോൾ പറഞ്ഞ രീതിയിലല്ല കാര്യങ്ങൾ ഉണ്ടായത്. അവിടത്തെ തൊഴിലാളികൾ ഇൻഡിസിപ്ലിൻ കാണിച്ചു, അതിനെക്കുറിച്ച് എൻക്വയറി നടത്തി അവരെ സസ്പെൻറ് ചെയ്തു. അതിൻെറ ഫലമായിട്ട് പണിമുടക്കുണ്ടായി. പണി മുടക്കിൽ ഇത്തരം കാര്യങ്ങൾകൂടി ഇപ്പോൾ ഡിമാൻറായി ഉന്നയിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് നിരവധി കൺസിലിയേഷൻ നടത്തിയിട്ടുണ്ട്. കൺസിലിയേഷനിൽക്കൂടി പ്രശ്നം പരിഹരിക്കാൻ.....
..... (ബഹളം).....
ഞാനിവിടെ വായിച്ചത് ശ്രീ. കെ. ടി. കുമാരൻ എനിക്കുതന്ന നോട്ടീസാണ്. ഇതിനെ സംബന്ധിച്ച് രണ്ടു മൂന്നു പ്രാവശ്യം കൺസിലിയേഷൻ നടത്തി. 10-3-1985-ൽ കോഴിക്കോട് റീജയണൽ കമ്മിഷണർ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയിരുന്നു. ഉടനെതന്നെ കമ്മിഷണറോ അല്ലെങ്കിൽ ഞാനോ ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(3) അതിശക്തമായ കാറ്റും മഴയുംമൂലം പെരുമ്പാവൂരിലെ കൂവപ്പടി പഞ്ചായത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് അടിയന്തിര സഹായം എത്തിച്ചു കൊടുക്കൽ

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഈ മാസം പതിനൊന്നാം തീയതി എൻെറ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ പെരിയാർ നദീതീരത്ത കൂവപ്പടി പഞ്ചായത്തിലെ ഇടവൂർ, തോട്ടുവ, ചേരാനല്ലൂർ, പെരുമറ്റം മുതലായ പ്രദേശങ്ങളിൽ ഉണ്ടായ അതിശക്തമായ കാറ്റും മഴയുംമൂലം വളരെയേറെ കൃഷിനാശങ്ങൾ സംഭവിച്ചിരിക്കുകയാണ്. ഏകദേശം ഒരുലക്ഷം ഏത്തവാഴതന്നെ നശിച്ചുപോയിട്ടുണ്ട്. അതിനുപുറമേ, തെങ്ങ്, കവുങ്ങ്, ഗ്രാമ്പൂ, വെറ്റിലക്കൊടി, ജാതി തുടങ്ങിയ കൃഷികൾക്കെല്ലാംകൂടി ഏകദേശം 40 ലക്ഷം രൂപയോളം നഷ്ടം വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ പാവപ്പെട്ട കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. അവർ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. വളരെ അടിയന്തിരമായി അവർക്ക് സഹായമെത്തിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഒരുകാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. 1985 നവംബറിൽ ഇതു പോലുണ്ടായ പ്രകൃതി ക്ഷോഭത്തിന് അനുവദിച്ചിട്ടുള്ള 27 ലക്ഷം രൂപ ഇതുവരെ കൊടുത്തിട്ടില്ല. അതുകൊണ്ട് ആ സംഖ്യകൂടി കൊടുത്തുകൊണ്ട് ഇപ്പോഴത്തെ കെടുതികൾക്കും ഒട്ടും സമയം വൈകാതെ റിവോൾവിങ്ങ് ഫണ്ടിലോ ഗവൺമെന്റിൽനിന്ന് കൂടുതൽ സംഖ്യ അനുവദിച്ചുകൊണ്ടോ പാവപ്പെട്ട കൃഷിക്കാരെ സംരക്ഷിക്കണമെന്ന് അപേക്ഷിക്കുകയാണ്. ഇതിനുമുമ്പ് പറഞ്ഞിരുന്നു വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുമെന്ന്. അങ്ങനെ ഏർപ്പെടുത്തിയിരുന്നുവെങ്കിൽ ഈ പാവപ്പെട്ട കർഷകരെ ഇതിൽനിന്നു രക്ഷിക്കാമായിരുന്നു. അതും ഗവൺമെന്റ് ഇതുവരെ ചെയ്തിട്ടില്ല. അതിനുള്ള ഏർപ്പാടുകൾ ചെയ്യാൻ അടിയന്തിരമായി നടപടികൾ എടുത്താൽ നന്നായിരിക്കും.

വെറ്റിലക്കൊടി, ഗ്രാമ്പു, ജാതി മുതലായ കൃഷികൾ നശിച്ചാൽ അതിന് കൃഷിഡിപ്പാർട്ടുമെന്റിൽ നിന്ന് നഷ്ടം കൊടുക്കാനുള്ള ഏർപ്പാടുകളില്ല എന്നാൽ മറ്റു കൃഷികൾ നശിച്ചാൽ നഷ്ടം തിട്ടപ്പെടുത്തി കൊടുക്കാനുള്ള ഏർപ്പാടുകളുണ്ട്. അതുകൊണ്ട് വളരെ അടിയന്തിരമായി ആ പ്രദേശങ്ങളിലെ പ്രധാനപ്പെട്ട കൃഷികൾ നശിച്ചതിന് നഷ്ടം കൊടുക്കാനുള്ള ഏർപ്പാടുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, ഈ മാസം 13-ാം തീയതി പേരുമ്പാവൂരിലുണ്ടായ ചുഴലിക്കാറ്റിന്റെയും പേമാരിയുടേയും ഫലമായി വളരെയധികം കൃഷിനാശങ്ങൾ അവിടെ ഉണ്ടായി. ഇതറിഞ്ഞയുടനെതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ അവിടെ പാഞ്ഞെത്തി ഏകദേശം അറുനൂറോളം കൃഷിക്കാർക്ക് ഇതിൽ നഷ്ടം വന്നിട്ടുണ്ട്. ഏകദേശം നാൽപ്പതുലക്ഷം രൂപയുടെ നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ട്. അതിനുവേണ്ട സഹായം ചെയ്യാമായിട്ട് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ : സർ, കേരളത്തിലെ പതിനൊന്ന് കക്ക സഹകരണസംഘങ്ങൾ പിരിക്കാതിരുന്ന കാലയളവിലെ റോയൽറ്റി ഈടാക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് കക്ക സഹകരണസംഘങ്ങൾക്ക് 'മൈനിങ് റിലീഫ്', കൊടുക്കാതിരുന്നതിൽനിന്ന് ഉണ്ടായിരിക്കുന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് ഈ സഭയിൽ അവതരിപ്പിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. എന്നാൽ രാജ്യരക്ഷാ ചട്ടങ്ങളും മുഴുവനും ലംഘിച്ച് ചാരപ്പണിക്കും കള്ളക്കടത്തിനുമായി കേരളത്തിൽ വന്ന ഒരു ഗൂഢസംഘത്തിന് സംരക്ഷണം കൊടുത്ത ഒരു മന്ത്രിയാണിതിന് സമാധാനം പറയേണ്ടതെന്നുള്ളതുകൊണ്ട് ഞാൻ ആ ഗൗരവപ്രശ്നം സഭയിൽ ഉന്നയിക്കുന്നില്ല.

(4) വയനാട്ടിലെ ചെറുകിട കാപ്പി കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. രാഘവൻ മാസ്റ്റർ : സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മറ്റു നാണ്യവിളകളിൽ നിന്ന് തികച്ചും
10 A. M. വ്യത്യസ്തമായ ഒന്നാണ് കാപ്പികൃഷി. കാലാവസ്ഥയെ മാത്രം ആശ്രയിച്ച് വിളവെടുക്കുകയും കർഷകർ വിശ്വസിച്ച് അവരുടെ ഉല്പന്നങ്ങൾ കാപ്പി ബോർഡിനെ ഏല്പിക്കുകയും സെൻട്രൽ എക്സൈസിന്റെ നിയമത്തിന് വിധേയമായി പ്രവർത്തിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് കാപ്പിക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളമുള്ളത്, ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും കാപ്പിക്കൃഷിയുണ്ടെങ്കിലും കേരളത്തിൽ വയനാട്ടിനെ സംബന്ധിച്ചിടത്തോളം തികച്ചും ചെറുകിട കൃഷിക്കാരാണുള്ളത്

LIBRARY ARCHIVES Kerala Legislative Assembly